


# ഇലാഹിയ എച്ച്. എസ്. എസ്. കാപ്പാട്

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസം

## അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

# താളുകൾ മറിക്കുമ്പോൾ


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | താളുകൾ മറിക്കുമ്പോൾ | 2-3 |
| 2 | വിദ്യാലയത്തെ അറിയാം | 4 |
| 3 | ആമുഖം | 5 |
| 4 | വിദ്യാലയചരിത്രം | 6 |
| 5 | അക്കാദമികം-നേട്ടങ്ങൾ | 7 |
| 6 | അക്കാദമികം - പരിമിതികൾ | 8 |
| 7 | ഭൗതികം-നേട്ടങ്ങൾ | 9 |
| 8 | ഭൗതികം -പരിമിതികൾ | 10 |
| 9 | സാമൂഹികം-നേട്ടങ്ങൾ | 11 |
| 10 | സാമൂഹികം-പരിമിതികൾ | 12 |
| 11 | മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ | 13 |
| 12 | സ്കൂൾ തനത് പ്രവർത്തനം | 14 |
| I | അക്കാദമികം-UP വിഭാഗം | |
| 1 | മലയാളം | 15 |
| 2 | ഇംഗ്ലീഷ് | 16 |
| 3 | ഹിന്ദി | 17 |
| 4 | സാമൂഹ്യ ശാസ്ത്രം | 18 |
| 5 | അടിസ്ഥാന ശാസ്ത്രം | 19 |
| 6 | അടിസ്ഥാനഗണിതം | 20 |
| II | അക്കാദമികം-എച്ച് എസ് വിഭാഗം | |
| 1 | മലയാളം | 21 |
| 2 | സംസ്കൃതം | 22 |
| 3 | അറബി | 23 |
| 4 | ഇംഗ്ലീഷ് | 24 |
| 5 | ഹിന്ദി | 25 |
| 6 | ഫിസിക്സ് | 26 |
| 7 | കെമിസ്ട്രി | 27-28 |
| 8 | ബയോളജി | 29-30 |

| | | |
|---|---|---|
| 9 | സാമൂഹ്യ ശാസ്ത്രം | 31-33 |
| 10 | ഗണിത ശാസ്ത്രം | 34-35 |
| 11 | ഐടി | 36 |
| 12 | വിജയോത്സവം | 37 |
| 13 | ആരോഗ്യകായിക വിദ്യാഭ്യാസം | 38 |
| 14 | ഹെൽത്ത് ക്ലബ്ബ് | 39 |
| 15 | കലാപഠനം | 40 |
| 16 | തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം | 41 |
| 17 | ഗൈഡൻസ് & കൗൺസിലിംഗ് | 42 |
| 18 | വിദ്യാരംഗം | 43 |
| 19 | ഐ.സി.ടി | 44 |
| 20 | ശുചിത്വ പഠനം | 45 |
| 21 | സ്പെഷ്യൽ കെയർ സെന്റർ | 46 |
| 22 | | |
| 23 | പരിസ്ഥിതി വിദ്യാഭ്യാസം | 48 |
| 24 | സ്കൂൾ ലൈബ്രറി | 49 |
| 25 | സി.പി.ടി.എ ശക്തിപ്പെടുത്തൽ | 50 |
| 26 | സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | 51 |
| 27 | സമഗ്ര പഠന പിന്തുണ | 52 |
| 28 | സന്നദ്ധസംഘടനകൾ | 53 |
| 29 | ഉപസംഹാരം | 54 |







# വിദ്യാലയത്തെ അറിയാം

| | | |
|---|---|---|
| പേര് | : | ഇലാഹിയ എച്ച്. എസ്. എസ്. കാപ്പാട്, |
| വിലാസം | : | കാപ്പാട്, തിരുവങ്ങൂർ പി. ഒ. – പിൻ 673304<br>കൊയിലാണ്ടി, കോഴിക്കോട് |
| സ്കൂൾ കോഡ് | : | 16053 |
| സബ്ജില്ല | : | കൊയിലാണ്ടി |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂജില്ല | : | കോഴിക്കോട് |
| താലൂക്ക് | : | കൊയിലാണ്ടി |
| Email ID | : | vatakara16053@gmail.com |



# ആമുഖം

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിലാണ് കാപ്പാട് ഇലാഹിയ ഹയർ സെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി ക്കൊണ്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമായ ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിക്കാറുണ്ട്. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ ആസൂത്രണവും പ്രവർത്തനങ്ങളുമാണ്.

ഓരോ പ്രവർത്തനവും വളരെ കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ തിരുത്തുകയും ചെയ്യുന്നു. സ്കൂളിനുണ്ടായ ഗുണപരമായ മികവുകൾ നിലനിർത്താനും സംരക്ഷിക്കാനും മുന്നോട്ട് നയിക്കാനും ജനപ്രതിനിധികൾ, പി.ടി.എ., നാട്ടുകാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ എന്നിവരുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു. സ്കൂളിന്റെ അക്കാദമിക നിലവാരം നിലനിർത്തി പോകാനും ഗുണപരമായ പാഠ്യപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും അവരെ നാളെയുടെ വാഗ്ദാനങ്ങളാക്കി മാറ്റാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



# വിദ്യാലയചരിത്രം

വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ അസ്തിത്വത്തെ സുരക്ഷിതമാക്കുന്നതിന് അനിവാര്യമാണ്. ഒരു ജനതയുടെ അതി ജീവനപാഠങ്ങളെ കൃത്യമായി നിലനിർത്തുന്ന മാനവികമൂല്യങ്ങളുടെ പ്രഭവകേന്ദ്രവുമാണ്. മൂല്യാധിഷ്ഠിത സമൂഹത്തിന്റെ ഉദ്ഭവവും വളർച്ചയും ഗുണനിലവാരമുള്ള വിദ്യാഭ്യാസ ശാക്തീകരണത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വിദ്യയുടെ ജൈവിക മൂല്യങ്ങളും വിദ്യ രൂപപ്പെടുത്തിയ വിശാല ബോധങ്ങളും ചരിത്രത്തെ സംബന്ധിച്ച് ഏതൊരു ജനതയുടെയും അതി ജീവനത്തെ സംരക്ഷിച്ച് നിർത്തിയ ഘടകങ്ങളായിരുന്നു. കൃത്യമായ വ്യക്തിത്വ രൂപീകരണത്തിൽ പോലും വിദ്യാഭ്യാസത്തിന്റെ സാന്നിധ്യത്തിന് ശക്തമായ സ്വാധീനമുണ്ടെന്നത് അനിഷേധ്യ യാഥാർത്ഥ്യമാണ്.

വിദ്യാഭ്യാസത്തിന്റെ അനിവാര്യ സാന്നിധ്യത്തെ കുറിച്ച ബോധമായിരുന്നു ഐനുൽഹുദാ പ്രസ്ഥാനത്തിന്റെ എക്കാലത്തെയും പ്രവർത്തനഗോഥയിലെ ഊർജ്ജവും ആർജ്ജവവും മൂന്ന് ദശാബ്ദങ്ങളായി കേരളത്തിന്റെ വിദ്യാഭ്യാസ ഭൂപടത്തിൽ ശ്രദ്ധിക്കപ്പെടുന്ന സാന്നിധ്യമായി മാറാൻ 1985ൽ രൂപീകൃതമായ അൽ ഹുദാ ഇസ്ലാമിക് എസ്റ്റാബ്ലിഷ്മെന്റ് & ഐനുൽ ഹുദാ ഓർഫനേജ് മാനേജ്മെന്റിന് കഴിഞ്ഞ കാലങ്ങളിലെ വൈജ്ഞാനിക നവോത്ഥാനത്തിലൂടെ സാധിച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ചായക്കപ്പലുകൾ നങ്കൂരമിട്ട കാപ്പാടിന്റെ വിരിമാറിൽ ഒരു ചെറിയ അനാഥാലയമായി പ്രവർത്തനമാരംഭിച്ച ഈ മഹൽ സംരംഭം ഇന്ന് വടക്കൻ കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമുച്ചയമായി നിലകൊള്ളുന്നു.



# അക്കാദമികം-നേട്ടങ്ങൾ

എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തുടർച്ചയായി ലഭിക്കുന്ന തിളക്കമാർന്ന വിജയവും മുഴുവൻ വിഷയങ്ങൾ എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണത്തിലുള്ള വർധനവും സ്കൂളിന്റെ അക്കാദമിക നേട്ടമാണ്. കൂടാതെ യു.എസ്.എസ്. പോലുള്ള ടാലന്റ് സെർച്ച് പരീക്ഷകളിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വിജയശതമാനം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. വൈ. ഐ. പി., ഇൻസ്പെയർ അവാർഡ് എന്നീ വിഭാഗങ്ങളിൽ ശാസ്ത്രാഭിരുചിയുള്ള കുട്ടികളുടെ പങ്കാളിത്തം ഉയർത്താൻ സാധിച്ചു. കലാമേള, കായികമേള ഇനങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

ജെ.ആർ.സി., ഗൈഡ്സ്, സ്കൗട്ട്സ് തുടങ്ങിയ സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവനാ മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു. പഠനത്തോടൊപ്പം സ്പോർട്സും ആർട്സും ഒരുപോലെ കൊണ്ടുപോവുകയും മികച്ച നേട്ടങ്ങളുണ്ടാക്കുകയും ചെയ്ത വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ മുതൽക്കൂട്ടാണ്.


# അക്കാദമികം-പരിമിതികൾ

മികച്ച ലൈബ്രറി സ്കൂളിനുണ്ടെങ്കിലും പൂർണമായ ലൈബ്രേറിയൻ ഇല്ലാത്തതിനാൽ കുട്ടികൾക്ക് വായനപാടവം ഉയർത്താൻ സാധിക്കാതെ വരുന്നു. ശാസ്ത്രത്തിന് ഒരു എച്ച്. എസ്., എച്ച്. എസ്. എസ്. ലാബായതിനാൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് ഒരേ സമയം ലാബ് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. ഗണിതലാബുകൾ ലാംഗ്വേജ് റൂമുകൾ എന്നിവ വിദ്യാലയത്തിലില്ല. ഐടി ലാബിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി പുതിയ കമ്പ്യൂട്ടറുകൾ കൊണ്ടുവരേണ്ടതുണ്ട്. സ്മാർട്ട് ക്ലാസ്സ് റൂമിന്റെ അഭാവം പഠന പ്രവർത്തനങ്ങൾക്ക് പരിമിതികൾ ഉണ്ടാക്കുന്നു. സ്കൂളിൽ നിലവിലുള്ളത് ആകെ ഒരു പ്രൊജക്ടർ മാത്രമാണ്.



# ഭൗതികം - നേട്ടങ്ങൾ


സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ അധികാരികൾ ശ്രദ്ധിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ എച്ച്. എം. റൂം, ഓഫീസ്, സ്റ്റാഫ് റൂം എന്നിവക്ക് പുറമെ 2 നിലകളിലായി പൂർണസൗകര്യത്തോട് കൂടിയ ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്നു. വിശാലമായ ഗ്രൗണ്ട്, റിസോർസ് റൂം, മിനി കോൺഫറൻസ് ഹാൾ, സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകൾക്ക് പ്രത്യേക റൂം, മികച്ച വായനപ്പുര, ക്രിയേറ്റീവ് കോർണർ, ടോയ്‌ലറ്റ് കോംപ്ലക്സുകൾ, ഓഡിറ്റോറിയം എന്നിവ ഈ വിദ്യാലയത്തിലെ ഭൗതിക നേട്ടങ്ങളിൽ എടുത്തുപറയേണ്ടവയാണ്.



# ഭൗതികം -പരിമിതികൾ

നേട്ടങ്ങൾക്കിടയിലും സ്വാഭാവികമായി വന്നുചേരുന്ന പരിമിതികൾ ചിലപ്പോഴെങ്കിലും സ്കൂൾ പ്രവർത്തനത്തിന് തടസ്സമായി മാറാറുണ്ട്. ഗ്രന്ഥശാലകൾ ഡിജിറ്റൽ രീതിയിലാക്കേണ്ടതുണ്ട്. മുഴുവൻ ക്ലാസ്സ്റൂമുകളും ഡിജിറ്റൽ സൗകര്യത്തിലെത്തിക്കാനായിട്ടില്ല. മഴക്കാലത്ത് ഗ്രൗണ്ടിൽ വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യമുണ്ട്.






# സാമൂഹികം - നേട്ടങ്ങൾ

Scouts & Guides തുടങ്ങിയ , സ്കൂളിലെ വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ സംരക്ഷണം വിദ്യാഭ്യാസം എന്നീമേഖലയിൽ പ്രവർത്തിക്കുന്ന അഭയം സ്കൂൾ പ്രവർത്തനം നേരിട്ട് കാണുകയും കുട്ടികൾ സ്വരൂപിച്ച സാമ്പത്തിക സഹായം നൽകുകയും ചെയ്തു. സാമ്പത്തിക പിന്നാക്കവസ്ഥയിലുള്ള കുട്ടികൾക്ക് പഠനോപകരണ വിതരണം തുടർച്ചയായ വർഷങ്ങളിൽ ചെയ്തുവരുന്നു. ഗാന്ധിജയന്തി ദിനത്തിൽ സ്കൂളിലെ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ തെരുവുകൾ, മാർക്കറ്റുകൾ, ബസ്സ്റ്റോപ്പ് എന്നിവയുടെ ശുചീകരണം ഇവയൊക്കെ സമൂഹവുമായി ബന്ധിപ്പിക്കാൻ സഹായിച്ച പ്രവർത്തനമാണ്.





# സാമൂഹികം - പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യംകൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള പല പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിന് പരിമിതികളുണ്ട്.



## മികവാർന്ന അക്കാദമിക പ്രവർത്തനങ്ങൾ വികസനലക്ഷ്യങ്ങൾ

1-ഭാഷാശേഷി വികസനം

2 - ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ

3 - ഗണിതശേഷി വികസനം

4- വായനാശേഷി വർദ്ധിപ്പിക്കൽ

5 - ലബോറട്ടറി നവീകരണം

6 - പ്രതിഭാപോഷണ പരിപാടി

7 - ലൈബ്രറി ശാക്തീകരണം

8 - സ്കോളർഷിപ് പരീക്ഷാപരിശീലനം

9 - പഠനയാത്രകൾ

10 - സ്കൂൾ പത്രം

11- പത്രവാർത്ത

12 - പ്രവൃത്തിപരിചയ പരിശീലനം

13 - കലാപരിപോഷണം

14- കഥയരങ്ങ്

15 - സാഹിത്യശില്പശാലകൾ

16 - മെഡിക്കൽ ക്യാമ്പുകൾ

17 - ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

18 - കായികശേഷി വികസനം

19 - വിലയിരുത്തൽ കാര്യക്ഷമമാക്കൽ

20- പിറന്നാളിനൊരു പുസ്തകം

21- ഐടി പഠനം കാര്യക്ഷമമാക്കൽ

22 - ശാസ്ത്ര-ഗണിതശാസ്ത്ര-
സാമൂഹ്യശാസ്ത്ര-
ഐടി പരിചയമേളകൾ

23 - സാന്ത്വനച്ചെപ്പ്

24- ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ





# സ്കൂൾ തനത് പരിപാടി

## 1- ഉജ്ജ്വൽ

മലയാളം, ഹിന്ദി, ഇംഗ്ലീഷ് എഴുതാനും വായിക്കാനും അറിയാത്തവരെ കണ്ടെത്തി പ്രത്യേക പരിഹാരബോധനക്ലാസുകൾ രക്ഷിതാക്കൾ, പിടിഎ എന്നിവരുടെ സഹകരണത്തോടെ അധ്യാപകരുടെ മേൽനോട്ടത്തിൽ ജൂലായ് മുതൽ ഫെബ്രുവരി വരെ കാലയളവിൽ നടത്തുന്നു.

## 2-SHINING STARS

അക്കാദമികതലത്തിൽ മിടുക്കരായ കുട്ടികളെ തെരഞ്ഞെടുത്ത് വിവിധ വിഷയങ്ങളിൽ ക്ലാസ്, പരിശീലനപരിപാടികൾ (ജൂലായ്- ഫെബ്രുവരി)

## 3-പ്ലാസ്റ്റിക് ആൻറ് ചൂയിംഗം ഫ്രീ കാമ്പസ്

## 4-സാന്ത്വനച്ചെപ്പ്

വിദ്യാലയത്തിലെ നിർധനരായ കുട്ടികളെയും കുടുംബത്തെയും സഹായിക്കുന്നതിന്റെ ഭാഗമായി കുട്ടികളിൽ ജീവകാരുണ്യ മനോഭാവം വളർത്തുക എന്ന ലക്ഷ്യത്തോടെ രൂപംകൊടുത്ത സംവിധാനമാണ് സാന്ത്വനച്ചെപ്പ്. കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവ സാമ്പത്തികമായി ഇതിന്റെ ഭാഗഭാക്കായി മാറുന്നു വൺഡേ കലക്ഷൻ രീതിയിലാണ് ഫണ്ട് ശേഖരണം നടത്തുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## എൽ. പി. വിഭാഗം

### A. ഭാഷാ വികസനം

ഭാഷാ വികസനത്തിനായുള്ള പൊതു ലക്ഷ്യങ്ങൾ, എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക, എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടുന്നുവെന്ന് ഉറപ്പാക്കുക എന്നിവയാണ്. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്താനും, സർഗ്ഗാത്മക രചനയ്ക്കുള്ള അവസരങ്ങൾ സൃഷ്ടിക്കാനും, ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. മികച്ച വായനാശീലം വളർത്തുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു.

### B. ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക, ഇംഗ്ലീഷിൽ ആവിഷ്കാരങ്ങൾക്ക് ധാരാളം അവസരങ്ങൾ നൽകുക എന്നിവയാണ് പ്രധാന ആശയവിനിമയ ലക്ഷ്യങ്ങൾ. സ്വതന്ത്രമായി ഇംഗ്ലീഷ് വായിക്കാനും എഴുതാനും വിദ്യാർത്ഥികളെ സജ്ജരാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. വിഭവങ്ങളുടെ ഉപയോഗവും ഒരു പ്രധാന വശമാണ്. ഇംഗ്ലീഷ് ഭാഷാ വികസനത്തിനായി സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക, ആശയപരമായ അവതരണ രീതികളിലൂടെ അടിസ്ഥാന ഭാഷാ കഴിവുകൾ നേടുന്നതിന് സചിത്ര നോട്ട്ബുക്കുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്നിവ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, ക്ലാസ്സ് തല വായനാ കോർണറുകളിലും സ്കൂൾ ലൈബ്രറിയിലും ലളിതമായ ഇംഗ്ലീഷ് പുസ്തകങ്ങൾ ക്രമീകരിക്കാനും, "ഹലോ ഇംഗ്ലീഷ്" മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ വിഭവങ്ങൾ തയ്യാറാക്കുന്നതിനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യാനും പദ്ധതിയിൽ ഉൾപ്പെടുന്നു.

### C. പരിസര പഠനം

പരിസര പഠനത്തിനായുള്ള ലക്ഷ്യങ്ങൾ ശാസ്ത്രീയ താല്പര്യം വളർത്തുന്നതിലും ശാസ്ത്രീയ അവബോധവും മനോഭാവവും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ശാസ്ത്രീയ രീതികൾ സ്വായത്തമാക്കുന്നതിനുള്ള അനുഭവങ്ങൾ നൽകുകയും ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നത് നൈപുണ്യ വികസനത്തിൽ ഉൾപ്പെടുന്നു. ലാബ് ആധുനികവത്കരണവും ഈ പദ്ധതി ലക്ഷ്യമിടുന്നു, ലാബ് ആധുനിക സൗകര്യങ്ങളോടെ സജ്ജീകരിക്കുകയും ആധുനിക ശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യും. ശാസ്ത്രത്തിലെ നൂതനാശയങ്ങളിൽ നിന്ന് കുട്ടികൾക്ക് പ്രയോജനം നേടാൻ പ്രാപ്തരാക്കുന്നതിലൂടെയും ശാസ്ത്ര വിദ്യാഭ്യാസത്തിനായി ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെയും നവീകരണവും സാങ്കേതികവിദ്യയും സമന്വയിപ്പിക്കുന്നു.

### D. സാമൂഹികാവബോധം

സാമൂഹികാവബോധത്തിന്റെ മേഖലയിൽ, ജനാധിപത്യ വേദികൾ സൃഷ്ടിക്കാനും, സമൂഹത്തിന്റെ പുരോഗതിയിൽ തങ്ങളുടെ പങ്ക് തിരിച്ചറിഞ്ഞ് ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കാൻ വ്യക്തികളെ പ്രാപ്തരാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുന്നതും ഒരു പ്രധാന ലക്ഷ്യമാണ്. ഇവ നേടുന്നതിനായി, ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കാൻ പദ്ധതിയിൽ ഉൾപ്പെടുന്നു.

## E. ഗണിതം

ഗണിതശാസ്ത്ര ലക്ഷ്യങ്ങൾ അടിസ്ഥാന ഗണിതക്രിയകളിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം ഉറപ്പാക്കുന്നതിലും ഗണിതത്തെ യഥാർത്ഥ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഓരോ ക്ലാസ്സും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടുന്നുവെന്ന് ഉറപ്പാക്കുന്നത് പാഠ്യപദ്ധതിയുടെ വിന്യാസത്തിൽ നിർണായകമാണ്. എല്ലാ കുട്ടികളിലും ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ വളർത്തുന്നതിലൂടെ വൈജ്ഞാനിക വികസനത്തിന് ഊന്നൽ നൽകുന്നു. ഗണിത പഠനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

## F. ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

വിവരസാങ്കേതികവിദ്യ (ICT) സംബന്ധിച്ച്, വിവരസാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും അറിവ് നിർമ്മാണ പ്രക്രിയയിൽ അതിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യങ്ങൾ. കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ സ്വതന്ത്രമായും നിർഭയമായും ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്, ഇത് ഡിജിറ്റൽ സാക്ഷരതയും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്നു.

## G. പ്രവൃത്തി പരിചയം

പ്രവൃത്തി പരിചയ മേഖല എല്ലാ കുട്ടികളിലും നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുന്നതിലൂടെ വിഭവസമാഹരണ ശേഷി വളർത്തുന്നതിനും ഇത് ഊന്നൽ നൽകുന്നു. പ്രവൃത്തി പരിചയ പ്രവർത്തനങ്ങളെ മറ്റ് വിഷയങ്ങളുമായും പഠന മേഖലകളുമായും ബന്ധിപ്പിക്കുന്നതിലൂടെ ഒരു അന്തർവിഷയ ബന്ധം സ്ഥാപിക്കുന്നത് ഒരു പ്രധാന വശമാണ്.

## H. കലാപരിശീലനം

കലാപരിശീലന ലക്ഷ്യങ്ങളിൽ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുകയും കലാഭിരുചി വളർത്തുകയും ചെയ്യുക എന്നത് ഉൾപ്പെടുന്നു. ഓരോ കുട്ടിയുടെയും തനതായ കഴിവ് വികസിപ്പിക്കുന്നതിന് അവസരങ്ങൾ നൽകാനും, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയെ കലാ വിദ്യാഭ്യാസത്തിൽ സമന്വയിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന വിശ്വാസം വളർത്തുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഒരു പ്രധാന ലക്ഷ്യം, ഇത് ആത്മവിശ്വാസവും വ്യക്തിഗത സാധ്യതകളും പ്രോത്സാഹിപ്പിക്കുന്നു.

## I. ആരോഗ്യ കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ, കുട്ടികളെ അവരുടെ മനസ്സിന്റെ ശക്തിയെക്കുറിച്ച് ബോധവാന്മാരാക്കുകയും ഏതൊരു ലക്ഷ്യവും നേടാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എല്ലാ കുട്ടികൾക്കും ശാരീരികക്ഷമത ഉറപ്പാക്കുക എന്നത് ഒരു പ്രധാന ലക്ഷ്യമാണ്, ഒപ്പം ആരോഗ്യകരമായ ശീലങ്ങൾ വളർത്തുകയും ചെയ്യുക. എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് തുല്യ അവസരങ്ങൾ നൽകാനും, ക്യാമ്പസിനെ മാലിന്യമുക്തവും ഹരിതാഭവുമാക്കി പാരിസ്ഥിതിക ആരോഗ്യത്തിന് സംഭാവന നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.


## J. അറബിക്

അറബി ഭാഷാ വിദ്യാഭ്യാസത്തിൽ, എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി അറബി വായിക്കാനും എഴുതാനും പ്രാപ്തരാക്കുക എന്നതാണ് അടിസ്ഥാനപരമായ കഴിവുകൾക്ക് മുൻഗണന നൽകുന്നത്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുന്നത് നിർണായകമാണ്. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സാഹചര്യം ക്ലാസ്സ്മുറികളിൽ സൃഷ്ടിക്കാനും, വിദ്യാഭ്യാസപരമായ മൂല്യങ്ങൾ ഭാഷാ പഠന നേട്ടങ്ങളിലൂടെ സമന്വയിപ്പിക്കുന്നുവെന്ന് ഉറപ്പാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. അവസാനമായി, ഭാഷാ പഠനത്തിൽ ഐ.ടി. സാധ്യതകൾ ഉപയോഗിക്കാനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്താനും ഇത് ലക്ഷ്യമിടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ
# യു .പി വിഭാഗം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിതയ്ക്ക് ഈണം നൽകൽ | വിദ്യാലയത്തിലെ സംഗീതാഭിരുചിയുള്ള കുട്ടികളെയും അധ്യാപകരെയും ഉൾപ്പെടുത്തി 5,6,7 ക്ലാസ്സുകളിലെ ഭാഷാപുസ്തകങ്ങളിലെ കവിതകൾ അനുയോജ്യമായ ഈണത്തിൽ ആലപിച്ച് റെക്കോർഡ് ചെയ്യുന്നു. സമൂഹമാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്നു | ജൂലായ് മുതൽ ഒക്ടോബർ വരെ | വിദ്യാരംഗം കൺവീനർ<br>മലയാളം കൂട്ടായ്മയിലെ അംഗങ്ങൾ | |
| കുട്ടികളുടെ സർഗാത്മക രചനകൾ ഡിജിറ്റൽ രൂപത്തിലാക്കി രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും ലഭ്യമാക്കൽ | 5 6 7 ക്ലാസ്സുകളിൽ ഭാഷാപഠനത്തിനിടയിൽ രൂപപ്പെടുന്ന സർഗാത്മക രചനകൾ ആകർഷകമായ വരയും വർണ്ണവും ചേർത്ത് ഡിജിറ്റലൈസ് ചെയ്ത് ടേമിൽ ഒന്നെന്ന രീതിയിൽ പബ്ലിഷ് ചെയ്യുന്നു | ജൂൺ- 2025 മുതൽ ഫെബ്രുവരി 2026 വരെ | മലയാളം ക്ലബ് കൺവീനർ<br>വിദ്യാരംഗം ക്ലബ് കൺവീനർ<br>എസ്.ആർജി കൺവീനർ | പി . ടി . എ |
| വർണ്ണന,വാങ്മയ ചിത്രങ്ങൾ തുടങ്ങിയ വ്യത്യസ്ത വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നതിന് സർഗാത്മക ആവിഷ്കാരങ്ങളിൽ പ്രയോഗിക്കുന്നതിന് | ലൈബ്രറി പ്രയോജനപ്പെടുത്തി സാഹിത്യകൃതികളിലെ വർണ്ണനാ ഭാഗങ്ങളും വാങ്മയ ചിത്രങ്ങളും ശേഖരിക്കൽ – എന്റെ മലയാളം നോട്ട് ബുക്കിൽ രേഖപ്പെടുത്തൽ. പഠനോത്സവത്തിൽ അവതരിപ്പിക്കൽ | ജൂലൈ -2025 മാർച്ച്-2026 | മലയാളം ക്ലബ് കൺവീനർ<br>വിദ്യാരംഗം ക്ലബ് കൺവീനർ<br>സിപിടിഎ | |






## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To improve communication skill in English Language.<br><br>To prepare Digital Magazine incorporating creative writings of children.<br><br>To increase confidence in English language | Lingua Leap: Ask the children to speak in English about any subject as many times as they like. Each time they speak, they will get a star and they will be awarded as follows.<br><br>When they get 25 stars they will be Silver Stars<br><br>50 stars- Golden Star<br>75 stars- Diamond Star<br>100 stars- Platinum Star<br><br>Give them prizes.<br><br>Digital magazine is prepared using the creative writings obtained as a product of classroom activities.<br><br>English Fest: Conducts an English fest with active participation of each child. | June 2025 to February 2026<br><br>June 2025 to February 2026<br><br>January 2026 | English club convenor | PTA |

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ അടിസ്ഥാന ശേഷി ഉയർത്തൽ | കുട്ടികൾക്ക് ഭാഷാപോഷിണി പ്രവർത്തനങ്ങൾ<br>• ഓരോ ക്ലാസിലും ഹിന്ദി വായിപ്പിക്കുക<br>• ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക<br>• എണ്ണം,ആഴ്ച മാസം ഹിന്ദിയിൽ അവതരണം | പ്രതിദിനം | ഹിന്ദി ടീച്ചർ ഹിന്ദി ക്ലബ്ബ് | |
| ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | ജനുവരി | | |
| സർഗാത്മക രചനകൾ വികസിപ്പിക്കൽ | ഹിന്ദി പത്രിക തയ്യാറാക്കുക . | | | |



## സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠിതാക്കളിൽ ചരിത്രാവബോധം വളർത്തുക | VIRTUAL ഫീൽഡ് ട്രിപ്പ്<br>ICT സാധ്യതകളുപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെയും ചരിത്ര സ്മാരകങ്ങളുടെയും വീഡിയോ പ്രദർശിപ്പിക്കുന്നു (മാസത്തിൽ ഒന്ന്) | | | |
| കുട്ടികളിൽ പ്രസന്റേഷൻ സ്കിൽ പരിപോഷിപ്പിക്കുക | പ്രദർശിപ്പിച്ച സ്ഥലം/ സ്മാരകം തിരിച്ചറിഞ്ഞ് സാമൂഹ്യശാസ്ത്ര ക്ലബ് അംഗങ്ങൾ പരമാവധി വിവരങ്ങൾ ശേഖരിക്കുന്നു കിട്ടിയ വിവരങ്ങൾ അധ്യാപകരുടെ സഹായത്തോടെ അപഗ്രഥിച്ച് സ്ലൈഡുകൾ തയ്യാറാക്കുന്നു<br>നിയുക്തരായ അംഗങ്ങൾ നിശ്ചയിച്ച ദിവസം 5,6 ,7 ക്ലാസ്സിലെ കുട്ടികൾക്കായി പ്രസന്റേഷനും വിശദീകരണവും നടത്തുന്നു<br>സ്ലൈഡുകൾ പി ഡിഎഫ് രൂപത്തിലാക്കി ഡിജിറ്റൽ ലൈബ്രറിയിൽ സൂക്ഷിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | സാമൂഹ്യ ശാസ്ത്രം അദ്ധ്യാപകർ | |
| അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ചരിത്രപഠനം ശാസ്ത്രീയമാക്കുക | മഹാശിലാസംസ്കാരത്തിന്റെ ശേഷിപ്പ് ആയിട്ടുള്ള അത്തോളിയിലെ കുടക്കല്ലും മറ്റ് ചരിത്ര സ്മാരകങ്ങളും നിരീക്ഷിച്ച് കിട്ടിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ പതിപ്പ് തയ്യാറാക്കൽ | | സാമൂഹ്യശാസ്ത്രം അധ്യാപകർ | പി . ടി . എ |
| ജനാധിപത്യത്തിന്റെ രീതികളും സംവിധാനങ്ങളും പരിചയപ്പെടുക. ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | ഗ്രാമസഭകളിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു ജനാധിപത്യരീതിയിൽ ക്ലാസ് സഭകൾ നടത്തുന്നു | ആഗസ്റ്റ് മാസം | സാമൂഹ്യശാസ്ത്രം അധ്യാപകർ സി.പി.ടി.എ | |
| ഗ്ലോബിന്റെയും അക്ഷാംശ രേഖാംശങ്ങളുടെയും സവിശേഷതകൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | വർക് ഷോപ്പ്<br>പ്രധാന അക്ഷാംശ രേഖാംശ രേഖകൾ അടയാളപ്പെടുത്തിയ ഗ്ലോബുകളുടെ മാതൃകകൾ നിർമ്മിക്കുന്നു പ്രദർശിപ്പിക്കുന്നു | ആഗസ്റ്റ്- ഡിസംബർ<br>നവംബർ | സാമൂഹ്യശാസ്ത്രം അധ്യാപകർ എസ് ആർ.ജി സി.പി.ടി.എ | പി . ടി . എ |



# അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുക | The discovery hour (ലഘു പരീക്ഷണങ്ങൾ): ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂർ വീതം കുട്ടികൾ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ജൂൺ 2025 മുതൽ ഫെബ്രുവരി 2026 വരെ | സയൻസ് ക്ലബ് | |





## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിൽ താൽപര്യം വളർത്തൽ | ഗണിതം മധുരം<br><br>1).വിവിധതരം ഗണിതകേളികൾ :-<br><br>മാന്ത്രിക ചതുരം, പസിൽസ് ക്വിസ്, വിവിധതരം പാറ്റേണുകൾ, കലണ്ടർ കണക്ക് തുടങ്ങിയവ. ശില്പശാലകൾ :- പഠനോപകരണ നിർമ്മാണം.<br><br>2). ഗണിത മാഗസിൻ നിർമ്മാണം, ഗണിതശാസ്ത്രമേള | 2025 June – 2026 February<br><br>2025 June - October | Maths club , SRG | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# HS വിഭാഗം

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **1-പുസ്തകപരിചയം**<br>കുട്ടിയെ മികച്ച വായനക്കാരനാക്കുക. | • ഉജ്ജ്വൽ<br>• പ്രീടെസ്റ്റ്<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 1 മാസം | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| **2-ഭാഷാസഹായം**<br>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രീടെസ്റ്റ്<br>• ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 1 വർഷം | അധ്യാപകർ | |
| **3-നല്ല എഴുത്തുകാർ**<br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • കഥാശില്പശാല<br>• തിരക്കഥ ശില്പശാല<br>• രചനയും രചയിതാവും-അഭിമുഖം | 1 ആഴ്ച | അധ്യാപകർ | പി . ടി . എ |
| **4-ദിനാചരണങ്ങൾ**<br>എഴുത്തുകാർ / പ്രസ്ഥാനം/ കൃതികൾ പരിചയപ്പെടുന്നു | • വിവരശേഖരണം<br>• പ്രദർശനം<br>• പ്രഭാഷണം | പ്രധാന ദിവസങ്ങളിൽ | അധ്യാപകർ<br>വിദ്യാർത്ഥികൾ | |
| **5-ചലച്ചിത്രോത്സവം**<br>മികച്ച ചിത്രങ്ങൾ പരിചയപ്പെടുന്നതിന് | • പോസ്റ്റർ / നോട്ടീസ് നിർമ്മാണം<br>• ചിത്രപ്രദർശനം<br>• ആസ്വാദനം തയ്യാറാക്കൽ | 1 ആഴ്ച | അധ്യാപകർ<br>വിദ്യാർത്ഥികൾ | |



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഭാഷാശേഷി എത്രത്തോളമുണ്ടെന്ന് തിരിച്ചറിയൽ**<br><br>ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും രചനകൾ വികസിപ്പിക്കാനുമുള്ള അവസരം<br>. | പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br><br>സംസ്കൃതത്തിൽ എത്രത്തോളം താല്പര്യമുണ്ടെന്ന് തിരിച്ചറിയുക<br><br>സംഭാഷണ നൈപുണി വർധനവിനായി വ്യാവഹാരിക ഔപചാരിക പദപരിചയം അധിക വായനക്കുള്ള പുസ്തകങ്ങൾ കൊടുക്കൽ<br><br>ഭാഷ നന്നായി വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തുക.<br><br>ഓരോ പിരീഡിന്റെ ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി പുസ്തകം കുറച്ച് വായിക്കുന്നു. | ജൂൺ-മാർച്ച് | സംസ്കൃത സമിതി | പി . ടി . എ |
| | വിദ്യാർത്ഥികളുടെ പഠനനിലവാരം മനസ്സിലാക്കി ആവശ്യമായ സഹായം നൽകുക. പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുന്നിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുക. | ജൂലായ്-നവംബർ | സംസ്കൃത സമിതി | പി . ടി . എ |
| ഓരോകുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും ആശയവിനിമയം നടത്താനും | ക്വിസ് മത്സരം<br>വായനാമത്സരം<br>രചനാമത്സരം<br>മാഗസിൻ നിർമ്മാണം<br>കഥ, കവിത, ഉപന്യാസം<br>സമസ്ത സുഭാഷിതകാലം,<br>ജീവചരിത്രക്കുറിപ്പ് എന്നിവ രചിച്ച് ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | സെപ്തംബർ-ഡിസംബർ | സംസ്കൃത സമിതി | |
| ആഖ്യാനശൈലി മെച്ചപ്പെടുത്തുക, യാത്രാവിവരണം, കാവ്യാനുഭവശേഷി വളർത്തുക | സംസ്കൃത പ്രദർശിനി സംഘടിപ്പിക്കുന്നു<br><br>വീഡിയോ പ്രദർശനം, സ്ലൈഡുകൾ, ഷോട്ട് ഫിലിം എന്നിവ സംഘടിപ്പിക്കുന്നു.<br><br>ചിന്തനവിശകലനം ലഘുഅവതരണം<br><br>സാമാർഗിക ചിന്തനം, സംവാദം . യാത്രാവിവരണം, അനുഭവചിത്രീകരണം എന്നിവ തയ്യാറാക്കൽ<br><br>കവിതാപഠനം,<br>സ്വതന്ത്രഎഴുത്ത് | ജനുവരി- മാർച്ച് | സംസ്കൃത സമിതി | പി . ടി . എ |

# അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **വായന**<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക. വായനാശീലം വളർത്തുക. നല്ല വായനക്കാരാക്കി മാറ്റുക | • അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>• വായനകോർണർ സ്ഥാപിക്കുന്നു. | 3 മാസം<br>ജൂൺ-ആഗസ്റ്റ് | സ്കൂൾ ലൈബ്രേറിയൻ, അറബി അധ്യാപകർ | പൂർവവിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | • ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>• ഏറ്റവും മികച്ച മാഗസിന് സമ്മാനങ്ങൾ നൽകും.<br>• ഡിജിറ്റൽ സ്കൂൾ മാഗസിൻ നിർമ്മാണം | സെപ്റ്റംബർ -നവംബർ<br><br>ഡിസംബർ | ക്ലബ് അംഗങ്ങൾ, അറബി അധ്യാപകർ | അധ്യാപിക പൂർവവിദ്യാർത്ഥികൾ |
| ഒരു ദിനം ഒരറിവ് അറബിയിൽ അറിവ് നേടുക. | • ഓരോ ദിവസവും ക്ലാസിൽ ഒരു ചോദ്യം-ക്വിസ് | ജൂലൈ-ഡിസംബർ | | |
| പ്രതിഭകളെ കണ്ടെത്തൽ | • അറബി സാഹിത്യോത്സവത്തിലേക്കുള്ള മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | ജനുവരി | അറബി അധ്യാപകർ | |
| ദിനാചരണങ്ങൾ | • പോസ്റ്റർ പ്രദർശനം.<br>• ഐടി സാധ്യത പ്രയോജനപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലബ് അംഗങ്ങൾ, അറബി അധ്യാപകർ | |
| ഫെസ്റ്റ്- ഭാഷയെ അറിയാൻ | • പോസ്റ്റർ പ്രദർശനം<br>• ഫിലിം പ്രദർശനം<br>• അറബിക് ചരിത്രം അറിയൽ | ഫെബ്രുവരി | ക്ലബ് അംഗങ്ങൾ, അറബി അധ്യാപകർ | |

English

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഇംഗ്ലീഷ് ഭാഷ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • പ്രിടെസ്റ്റിലൂടെ പിന്നാക്കക്കാരെ കണ്ടെത്തൽ.<br>• തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ<br>ജൂൺ-മാർച്ച് | ഇംഗ്ലീഷ് അധ്യാപകർ | |
| 2.ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം,വായന എന്നിവ പ്രോത്സാഹിപ്പിക്കൽ | • ഇംഗ്ലീഷ് പുസ്തക വായനകളുള്ള അവസരമൊരുക്കുക. | 1വർഷം | ലൈബ്രേറിയൻ, ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 3. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | • ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് കോർണർ (കുട്ടികൾക്ക് സ്വതന്ത്രമായി ഭാഷ കൈകാര്യം ചെയ്യാൻ) | 1വർഷം | ഇംഗ്ലീഷ് ക്ലബ് | |
| 4.ഇംഗ്ലീഷിൽ ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കൽ. | • ഇംഗ്ലീഷ് സിനിമാപ്രദർശനം,<br>• റോൾപ്ലേ, പ്രസംഗം | 1വർഷം | ഇംഗ്ലീഷ് ക്ലബ് | |
| 5. നാടകീകരണം | • ഇംഗ്ലീഷ് സ്കിറ്റ് | രണ്ടാം പാദം | ഇംഗ്ലീഷ് അധ്യാപകർ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനു മുള്ള കഴിവ് വളർത്തിയെടുക്കുക. നാമം, സർവനാമം , വിശേഷണം എന്നിവ മനസ്സിലാക്കൽ | ഉജ്ജ്വൽ<br>പ്രീടെസ്റ്റ് നടത്തി ഭാഷയിൽ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുക | ജൂൺ- ജൂലായ് | ഹിന്ദി അദ്ധ്യാപകർ | |
| | അക്ഷരമാല, പദം, വാചകം ഉറപ്പിക്കുക (തുടർ പ്രവർത്തനം) | | ഹിന്ദി ക്ലബ് ഹിന്ദി അദ്ധ്യാപകർ | |
| | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു. ചാർട്ടുകൾ നൽകുന്നു. കഥ, കവിത എന്നിവ പൂരിപ്പിക്കാൻ നൽകുന്നു. ഹിന്ദി സാഹിത്യകാരൻമാരു ടെ പേര് ചിത്ര ആൽബത്തിൽ എഴുതുക. ഹിന്ദിദിനാചരണങ്ങൾ, വായനകാർഡ് നിർമ്മാണം, ഹിന്ദി വാർത്തവായന. | 1 വർഷം | | |
| **വായന പരിശീലനം** | ഓരോ കുട്ടിയെക്കൊണ്ടും വായിപ്പിക്കുന്നു, പ്രശ്നങ്ങൾ കണ്ടെത്തി തിരുത്തുന്നു , മെച്ചപ്പെടുത്തുന്നു. | | | |
| എഴുത്തും വായനയും മെച്ചപ്പെടുത്തുന്നതി ന് സാങ്കേതിക സഹായത്തോടെ പരിശീലനം | ഓഡിയോ, വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു, ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | 1 വർഷം | ഹിന്ദി അദ്ധ്യാപകർ | |

# ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും പാഠഭാഗങ്ങളിലൂടെ കടന്നു പോവുക | പരീക്ഷണങ്ങൾ, കഥകൾ, നിർമ്മാണ പ്രവർത്തനങ്ങൾ, ചർച്ചകൾ തുടങ്ങിയവയിലൂടെയാണ് പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നത് | വർഷം മുഴുവൻ | അധ്യാപകൻ | |
| നിരന്തര മൂല്യനിർണയത്തിലൂടെ കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തലും പരിഹാരബോധനം നൽകലും | യൂണിറ്റ് ടെസ്റ്റിന് ആവശ്യമായ ചോദ്യങ്ങൾ തയ്യാറാക്കൽ, ടെസ്റ്റ് നടത്തി പഠന പിന്നോക്കക്കാരെ കണ്ടെത്തൽ, പരിഹാര ബോധന മോഡ്യൂളുകൾ തയ്യാറാക്കൽ, പരിഹാരബോധനം നൽകൽ | വർഷം മുഴുവൻ | അധ്യാപകൻ | |
| ശാസ്ത്രജ്ഞന്മാരോടുള്ള താല്പര്യം ജനിപ്പിക്കൽ | പാഠഭാഗത്ത് പരിചയപ്പെടുത്തുന്ന ശാസ്ത്രജ്ഞന്മാരുടെ വിവരങ്ങൾ ഉൾപ്പെടുത്തി ചാർട്ട് തയ്യാറാക്കൽ, ക്ലാസ് റൂമിൽ പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | വിദ്യാർത്ഥികൾ | |
| പാഠഭാഗവുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയാൻ | ബിഎംഐ കാൽക്കുലേഷൻ<br>ടെലസ്കോപ്പ് നിർമ്മാണം<br>ബോട്ടിൽ റോക്കറ്റ് നിർമ്മാണം<br>റോഡ് സുരക്ഷാ സെമിനാർ | ജൂലായ്<br>ആഗസ്ത്<br>സപ്തംബർ<br>ഒക്ടോബർ | അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മോഡൽ നിർമ്മാണം ലഘുപരീക്ഷണം റിസർച്ച് ടൈപ്പ് പ്രോജക്ട് ശാസ്ത്രനാടകം എന്നിവയിൽ പരിശീലനം നൽകൽ | | അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ |

# കെമിസ്ട്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1.പഠനപ്രവർത്തനങ്ങളുടെ ഭാഗമായ ശാസ്ത്രപരീക്ഷണങ്ങൾ സയൻസ് ലാബിൽ വെച്ച് നടത്തുന്നു. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | അധ്യാപകർ | |
| | 2.സ്കൂൾതല സയൻസ് എക്സിബിഷൻ, പഠനപ്രവർത്തനങ്ങളുടെ ഭാഗമല്ലാതെയുള്ള കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താനുതകുന്ന നൂതന പരീക്ഷണങ്ങൾ ശാസ്ത്രപ്രദർശനമായി നടത്തുന്നു<br>3. YIP, Inspire എന്നീ ഗവേഷണാത്മക പ്രൊജക്ടുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനം | വർഷം മുഴുവൻ | | |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | ശാസ്ത്രമേളയിൽ still model, working model, improvised experiments, projects, seminar എന്നിവയിൽ പങ്കെടുക്കാനാവശ്യമായ പ്രോത്സാഹനം നൽകി പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ |
| 3. ശാസ്ത്രലാബിന്റെ നവീകരണവും ക്രമീകരണവും | കെമിസ്ട്രി വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കുന്നു. കൂടാതെ ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ഓരോ പാഠഭാഗത്തിനും ആവശ്യമായ ഉപകരണങ്ങൾ , സാമഗ്രികൾ,രാസവസ്തുക്കൾ തുടങ്ങിയവ മുൻകൂട്ടി തയ്യാറാക്കി വെയ്ക്കുന്നു. | വർഷം മുഴുവൻ | അധ്യാപകൻ വിദ്യാർത്ഥികൾ | പി . ടി . എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. പഠന പിന്നാക്കവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | പഠന പിന്നാക്കവസ്ഥയിലുള്ള കുട്ടികളെ ochivement test നടത്തി കണ്ടുപിടിക്കുന്നു.<br><br>പാഠഭാഗങ്ങൾ ലളിതമായ മൊഡ്യൂളുകളായി നൽകിയും peer group പരിശീലനത്തിലൂടെയും അധികസമയ പരിശീലനത്തിലൂടെയും ഈ കുട്ടികളുടെ നിലവാരം ഉയർത്താൻ ശ്രമിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | എസ് ആർ ജി, സബ്ജക്ട് കൗൺസിൽ | |
| 5. ശാസ്ത്രമാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ശാസ്ത്രലേഖനങ്ങൾ , ശാസ്ത്രകവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി സയൻസ് മാഗസിൻ തയ്യാറാക്കുന്നു. | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ് | |
| 6.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ | ക്ലാസ് തലത്തിൽ കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് വ്യത്യസ്ത ചോദ്യമാതൃകയിൽ ചോദ്യശേഖരം തയ്യാറാക്കുന്നു. | മൂന്ന് മാസം | സബ്ജക്ട് കൗൺസിൽ | |
| 7.സോപ്പുനിർമ്മാണം | കെമിസ്ട്രി അവസാനപാഠഭാഗവുമായി ബന്ധപ്പെട്ട തനതുപ്രവർത്തനം. സോപ്പുനിർമ്മാണ കിറ്റുകൾ നൽകി Work Experience Club മായി സഹകരിച്ച് ഒരു ദവസത്തെ ശില്പശാലയായി നടത്തുന്നു. | | എസ് ആർ ജി, സബ്ജക്ട് കൗൺസിൽ | |

# ബയോളജി



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക | • പ്രീടെസ്റ്റ് ചോദ്യനിർമ്മാണം<br>• ടെസ്റ്റ് മൂല്യനിർണം<br>• പരിഹാരക്ലാസുകൾക്കായി പഠനഗ്രൂപ്പിംഗ്<br>• ക്ലാസുകളെടുക്കുന്നതിനായി മൊഡ്യൂൾ തയ്യാറാക്കൽ<br>• ആശയധാരണകൾ ഉറപ്പിക്കൽ<br>• പഠനപിന്നാക്കാവസ്ഥയുള്ളവർക്ക് അധിക/ഒഴിവുദിന വിനിമയം. | ജൂൺ-ജൂലായ് | സയൻസ് അധ്യാപകർ | |
| അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരമൊരുക്കൽ | • സ്കൂൾ കാമ്പസിൽ പഴം, പച്ചക്കറി, ഔഷധത്തോട്ട നിർമ്മാണം.<br>• ജൈവവൈവിധ്യപാർക്ക് . | 1 വർഷം | ബയോളജി അധ്യാപകർ | |
| പഠനം രസകരമാക്കാൻ | കാമ്പസിലെ വൃക്ഷങ്ങൾക്ക് ശാസ്ത്രീയ നാമം, പ്രാദേശിനാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ<br>ജീവശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക<br>സ്പെസിമെൻ ശേഖരണം.<br>മോഡൽ നിർമ്മാണം.<br>ശാസ്ത്രപതിപ്പുകൾ.<br>കൊളാഷ്,<br>പോസ്റ്ററുകൾ<br>തയ്യാറാക്കുക. | 1 വർഷം | ബയോളജി അധ്യാപകർ | പി . ടി . എ |


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാലിന്യമുക്ത ആരോഗ്യശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | സ്കൂൾ കാമ്പസ് ശുചീകരണം. ശുചിത്വ ബോധവൽക്കരണം. | 1 വർഷം | സയൻസ് അധ്യാപകർ | |
| ആരോഗ്യപരിപാലനം | • കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യക്ലാസ്.<br>• വൈദ്യപരിശോധ നാക്യാമ്പ്.<br>• ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്<br>• ആരോഗ്യസർവ്വേ നടത്തുക | ആഗസ്റ്റ്-സെപ്തംബർ | ബയോളജി അധ്യാപകർ | പി . ടി . എ |
| രക്തദാനത്തിന്റെ പ്രാധാന്യം. -ബോധവൽക്കരണം | രക്തദാനത്തിന്റെ പ്രാധാന്യം -ബോധവൽക്കരണം ഹൃദയാരോഗ്യം-പ്രൊജക്ട് | ഒക്ടോബർ | ബയോളജി അധ്യാപകർ | |
| എയ്ഡ്സ് ബോധവൽക്കരണം | നാഡീവ്യവസ്ഥയെ ബാധിക്കുന്ന രോഗങ്ങൾ വിവരശേഖരണം. കണ്ണിനെ ബാധിക്കുന്ന രോഗങ്ങൾ-വിവരണശേഖരണം. | ഡിസംബർ | ബയോളജി അധ്യാപകർ | |
| കണ്ടൽക്കാടുകളു ടെ സംരക്ഷണം | പോസ്റ്റർ പ്രദർശനം പൊതുജനങ്ങൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ് വീഡിയോ പ്രദർശനം | ജനുവരി | ബയോളജി അധ്യാപകർ | പി . ടി . എ |
| അർബുദ അവബോധം | ഡോക്ടറുടെ പ്രഭാഷണം | ഫെബ്രുവരി | ബയോളജി അധ്യാപകർ | |
| ജീവശാസ്ത്രപഠനത്തി ന് ഐസിടി സാധ്യതകളുടെ ഉപയോഗം | ഫീൽഡ് ട്രിപ്പ് ഡോക്യുമെൻററി പ്രദർശനം ഡോക്ടറുടെ പ്രഭാഷണം പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ , അനിമേഷൻ പ്രദർശനം. | 1 വർഷം | ബയോളജി അധ്യാപകർ | പി . ടി . എ |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **വിദ്യാർത്ഥികളുടെ സമഗ്രവികസനം**<br><br>സാമൂഹ്യശാസ്ത്രം വിശദമായി പഠിക്കുന്നതിനും അതിലൂടെ കുട്ടികളുടെ ഭൗതികവും സാമൂഹികവുമായ കഴിവുകൾ മെച്ചപ്പെടു-ത്തുന്നതിനും.<br><br>വിദ്യാർത്ഥികളുടെ വ്യക്തിഗത പഠനക്ഷമതയെ പരിഗണിച്ച് പ്രത്യേക ബോധനപദ്ധതികൾ തയ്യാറാക്കുക. അവയുടെ ഫലങ്ങൾ വിലയിരുത്തുക. | **പരിഹാരപഠനബോധന ക്ലാസ്**<br><br>ഒന്നാം പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പ്രയാസമേഖലകൾ കണ്ടെത്തി ഉചിതമായ മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുക യൂണിറ്റ് ടെസ്റ്റുകൾ നടത്തുക | ജൂൺ-മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകർ | |
| **സാമൂഹ്യശാസ്ത്ര ക്ലിനിക്**<br><br>വിദ്യാർത്ഥികൾക്ക് സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുക. പഠനക്ഷമത വർദ്ധിപ്പിക്കുക. | ഒഴിവ് സമയങ്ങൾ കണ്ടെത്തി അധ്യാപകരുടെ നേതൃത്വത്തിൽ പിയർ ഗ്രൂപ്പ് ലീഡേഴ്സിനെ ഉൾപ്പെടുത്തി പ്രത്യേകപഠനത്തിനുള്ള ചാപ്റ്റേഴ്സ് നൽകുന്നു.<br><br>തുടർന്ന് ഓരോ ഗ്രൂപ്പുകളിലായി സംശയനിവാരണം നടത്തുന്നു. പ്രവർത്തനത്തിൽ പത്താം തരം വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നു. | ജൂൺ-മാർച്ച് | സോഷ്യൽ സയൻസ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **സാമൂഹ്യശാസ്ത്രം വർക് ഷോപ്പ്**<br>സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ സാമൂഹ്യശാസ്ത്ര മേള, സബ്ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തുക | • ക്വിസ് മത്സരം<br>• അറ്റ്ലസ് നിർമ്മാണം<br>• പ്രാദേശിക ചരിത്രരചന തയ്യാറാക്കാനുള്ള മുന്നൊരുക്കം<br>• സ്റ്റിൽമോഡൽ, വർക്കിംഗ് മോഡൽ നിർമ്മാണം | സെപ്തംബർ | സോഷ്യൽ സയൻസ് അധ്യാപകർ | |
| **സാമൂഹ്യശാസ്ത്രം ക്ലബ് പ്രവർത്തനങ്ങൾ**<br>**പരിസ്ഥിതിദിനം**<br>പരിസ്ഥിതി സംരക്ഷണ അവബോധം നേടുവാൻ | ചെടി നടൽ. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത എന്ന വിഷയത്തിൽ പാനൽ ചർച്ച. | ജൂൺ 5 | സോഷ്യൽ സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| **ജനസംഖ്യ ദിനം** | ജനസംഖ്യാദിനത്തോടനുബന്ധിച്ച് ക്ലബ് അംഗങ്ങളുടെ വിവരശേഖരണ സർവ്വേ | ജൂലായ് 11 | സോഷ്യൽ സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| **ഹിരോഷിമ ദിനം**<br>യുദ്ധവിരുദ്ധ മനോഭാവം വളർത്താൻ | ഹിരോഷിമ ദിനക്വിസ്<br>സോഷ്യൽസയൻസ് ക്ലബ് സയൻസ് ക്ലബ്ബുമായി യോജിച്ച് ക്വിസ് നടത്തുക. | ആഗസ്ത് 6 | ക്ലബ് അംഗങ്ങൾ | |
| **സ്വാതന്ത്ര്യദിനം** | സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ചിത്രപ്രദർശനം | ആഗസ്ത് 15 | സ്കൂൾ കുട്ടികൾ | |
| **അദ്ധ്യാപകദിനം** | അധ്യാപക ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെക്കൊണ്ട് ക്ലാസെടുപ്പിക്കൽ | സെപ്തംബർ 5 | ക്ലബ് അംഗങ്ങൾ | |


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **നിയമദിന പരിപാടി** | ഗാന്ധിയൻ ആശയങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണം.<br><br>ലീഗൽ ലിറ്ററസി - സോഷ്യൽസയൻസ് ക്ലബിന്റെ നേതൃത്വത്തിൽ മുഴുവൻ വിദ്യാർത്ഥികൾക്കും നിയമബോധവൽക്കരണ ക്ലാസ്. | നവംബർ -26 | ക്ലബ് അംഗങ്ങൾ സോഷ്യൽ സയൻസ് അധ്യാപകർ | |
| **മനുഷ്യാവകാശദിനം** | കുട്ടികളുടെ അവകാശങ്ങളെ പറ്റി ബോധവൽക്കരണക്ലാസ് | ഡിസംബർ 10 | സോഷ്യൽ സയൻസ് അധ്യാപകർ ക്ലബ് അംഗങ്ങൾ | |
| **റിപ്പബ്ലിക് ഡേ** | **ഭരണഘടന ആമുഖം - ക്ലാസ് റൂമുകളിൽ വായന.**<br>ഭരണഘടനയുടെ പ്രധാന അനുച്ഛേദങ്ങൾ ക്ലാസിൽ ചർച്ച | ജനുവരി 26 | ക്ലബ് അംഗങ്ങൾ | |



# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ചാർട്ട് നിർമ്മാണം, അവതരണം | ജൂൺ | അധ്യാപകർ, മുന്നാക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെൻറ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽനിന്ന് | അധ്യാപകർ, പിടിഎ | |
| ഗണിത ആശയങ്ങളിൽ നിന്ന് ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ് | |
| സംഘബോധമുണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്യേ ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയസമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഫ്ലാഗ് മീറ്റിംഗ്, ഗണിതക്വിസ്, കൊളാഷ് നിർമ്മാണം | ഒരു ടേമിൽ നിന്ന് | അധ്യാപകർ | |
| ഗണിത മത്സരവേദിയിലേക്ക് | ഗണിതക്ലബ്ബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് കൺവീനർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേളകളിൽ ഊർജസ്വലത കൈവരിക്കൽ | | അക്കാദമിക വർഷം | ക്ലബ്ബ് കൺവീനർ, അധ്യാപകർ | പി.ടി .എ |
| ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്കാവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | തുടർ പ്രവർത്തനം | | |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ എച്ച് എം. പിടി എ പ്രസിഡൻറ് | |






# ഐടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഐടി ലാബ് സജീകരിക്കൽ | ഉബണ്ടു 22.04 എല്ലാ സിസ്റ്റത്തിലും ഇൻസ്റ്റാൾ ചെയ്യൽ.<br><br>വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് രണ്ട് ലാബിലേക്കും ആവശ്യമായ സിസ്റ്റം സജ്ജീകരിക്കൽ | ജൂൺ | അധ്യാപകർ | |
| എല്ലാ കുട്ടികൾക്കും വിവരസാങ്കേതിക വിദ്യ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉണ്ടാക്കുക | എല്ലാ വിഷയങ്ങളിലും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ സാങ്കേതികവിദ്യക്ക് പ്രാധാന്യം നൽകി ഉപയോഗപ്പെടുത്തുന്നു | വർഷം മുഴുവൻ | സബ്ജക്റ്റ് കൗൺസിൽ എസ് ആർ ജി | |
| ഐടി മേളകളിൽ പൂർണ്ണ പങ്കാളിത്തം | ഡിജിറ്റൽ പെയിന്റിംഗ് മൾട്ടിമീഡിയ പ്രസന്റേഷൻ മലയാളം ടൈപ്പിംഗ് ഫോർമാറ്റിംഗ് സ്ക്രാച്ച് പ്രോഗ്രാമിങ് വെബ് പേജ് ഡിസൈനിങ് തുടങ്ങിയ മത്സരങ്ങളിൽ പരിശീലനം നൽകി ഐടി മേളയിൽ പങ്കെടുക്കാൻ പ്രോത്സാഹനം നൽകൽ | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | സബ്ജക്ട് കൗൺസിൽ | പി.ടി.എ |

# വിജയോത്സവം


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്താംതരത്തിലെ മുഴുവൻ കുട്ടികൾക്കും ഉന്നതവിജയം സാധ്യമാക്കുക | പ്രീടെസ്റ്റ്, പിയർ ഗ്രൂപ്പ് പഠനം, രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ്. മോണിംഗ് ക്ലാസ് ആരംഭം | ജൂൺ | കൺവീനർ വിജയോത്സവം | പി ടി എ |
| പഠനപിന്നാക്കക്കാരെ കണ്ടെത്തൽ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തൽ, നിരീക്ഷണം , മൂല്യനിർണയം | ഫസ്റ്റ് മിഡ്ടേം പരീക്ഷ കുട്ടികൾക്കുള്ള മോട്ടിവേഷൻ ക്ലാസ് പഠനപിന്നാക്കക്കാരെ കണ്ടെത്തലും തരംതിരിക്കലും. സബ്ജക്ട് ക്ലിനിക്. സ്റ്റുഡന്റ് ടീച്ചർ പദ്ധതി | ജൂൺ | കൺവീനർ വിജയോത്സവം | പി ടി എ |
| പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ പരീക്ഷക്ക് സജ്ജമാക്കൽ | ഓണം പരീക്ഷ മുന്നൊരുക്കപ്രവർത്തനങ്ങൾ അതിഥി അധ്യാപക ക്ലാസ് അവധിദിനക്യാമ്പ് | സെപ്തംബർ-ഒക്ടോബർ | കൺവീനർ വിജയോത്സവം, പരീക്ഷ കമ്മിറ്റി, അധ്യാപകർ | പി.ടി.എ |
| കുട്ടികളുടെ ഭൗതികസാമൂഹിക സാമ്പത്തികസാഹചര്യങ്ങൾ അടുത്തറിയുക | ഗൃഹസന്ദർശനം പരിപാടി | നവംബർ-ഡിസംബർ | മുഴുവൻ അധ്യാപകരും | |
| ഗ്രേഡ് മെച്ചപ്പെടുത്തുക. കുട്ടികൾക്ക് ആത്മവിശ്വാസം പകരുക | വിവിധ വിഷയങ്ങൾക്ക് പ്രത്യേക പരിശീലനം. ഗൈഡൻസ് ആന്റ് കൗൺസലിംഗ് | ജനുവരി-മാർച്ച് | മുഴുവൻ അധ്യാപകരും | |
| കുടുംബപ്രാദേശിക അന്തരീക്ഷത്തിൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | അയൽപ്പക്കപഠന കേന്ദ്രം. നിശാ പഠനക്ലാസ് | ജനുവരി-മാർച്ച് | സബ്ജക്ട് കൗൺസിൽ | |





## ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ. വിദ്യാഭ്യാസം ഫലപ്രദമാക്കൽ | ഫുട്ബാൾ, വോളിബാൾ എന്നിവയിൽ പരിശീലനം. അവധിക്കാല ക്യാമ്പ്. ബോക്സിംഗ് പരിശീലനം. കബഡി പരിശീലനം കരാട്ടെ | എല്ലാദിവസവും രാവിലെ, വൈകുന്നേരം. അവധി ദിവസങ്ങൾ. | പ്രാദേശിക ക്ലബ്ബുകൾ കായികസമിതി. പിടിഎ | |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ. | സബ്ജില്ല, ജില്ലാതലങ്ങളിലേക്കുള്ള മത്സരങ്ങളിലേക്ക് ടീമുകളെ ഒരുക്കാനുള്ള പരിശീലനം | തുടർപ്രവർത്തനം | കായികാധ്യാപകൻ | |



## ഹെൽത്ത് ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധയുണ്ടാകൽ<br><br>മഴക്കാലരോഗങ്ങളെക്കുറിച്ചുള്ള അറിവ്. | ക്ലബ് രൂപീകരണം<br>ശുചിത്വക്ലബ്ബുമായി ചേർന്ന് ആരോഗ്യവും ശുചിത്വവും എന്നവിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് നൽകൽ<br><br>മഴക്കാലരോഗങ്ങളെക്കുറിച്ചും പ്രതിരോധ നടപടികളെക്കുറിച്ചുമുള്ള പോസ്റ്ററുകൾ നോട്ടീസ് എന്നിവ ക്ലാസിലെത്തിക്കൽ. | ജൂൺ-മാർച്ച് | ക്ലബ് കൺവീനർ. | |
| അയേൺ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗങ്ങൾ തടയൽ<br><br>ആർത്തവദിന ശുചിത്വം ബോധവൽക്കരണം. | അയേൺ ടാബ്ലറ്റ് വിതരണം<br><br>സാനിറ്ററി നാപ്കിൻ വിതരണം.<br>ബോധവൽക്കരണക്ലാസ് | ആരോഗ്യവകുപ്പ് നിർദ്ദേശമനുസരിച്ച് | ക്ലബ് കൺവീനർ, ഓഫീസ് സ്റ്റാഫ് പിഎച്ച്സി അത്തോളി | ആരോഗ്യ വകുപ്പ് |
| കുടിവെള്ളം സംരക്ഷിക്കുന്നതിന്റെ ആവശ്യകത | കിണർ ക്ലോറിനേഷൻ ചെയ്യൽ | | | |
| രോഗപ്രതിരോധശേഷി വർധിപ്പിക്കൽ<br><br>വിരനശീകരണം | വാക്സിനേഷൻ<br><br>വിരഗുളിക വിതരണം | ആരോഗ്യവകുപ്പ് നിർദ്ദേശമനുസരിച്ച് | ആരോഗ്യ വകുപ്പ് | |






# കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ കലാവാസന പ്രോത്സാഹിപ്പിക്കുക | ലോക സംഗീതദിനാചരണം<br>സംഗീതക്ലബ് ഉദ്ഘാടനം<br>ചിത്രരചന<br>ക്വിസ്മത്സരം | ജൂൺ-മാർച്ച് | ആർട്സ് ക്ലബ് കൺവീനർ,അധ്യാപകർ | |
| സബ്ജില്ലാമത്സരങ്ങളിലേക്കുള്ള കുട്ടികളെ കണ്ടെത്തൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക | | | |
| സ്വാതന്ത്ര്യദിനാചരണം- സംഗീതപരിപാടി | പോസ്റ്റർ നിർമ്മാണം<br>ദേശഭക്തിഗാനാലാപനം | | | |
| കേരളപ്പിറവിദിനാചരണം | നാടൻപാട്ട്, ഓണപ്പാട്ട് മത്സരം | | | |






## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്കും സമൂഹത്തിനും ഉപകാരപ്രദമായ വസ്തുക്കളുടെ നിർമ്മാണം | പേപ്പർ പെൻ നിർമ്മാണം | ജൂൺ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | വിദ്യാർത്ഥികൾ പിടിഎ |
| | സ്കൂളിലേക്ക് ക്ലീനിംഗിനാവശ്യമായ ലോഷൻ നിർമ്മിക്കുന്നു. | ജൂൺ | | |
| കുട്ടികളുടെ ഭൗതികസാമൂഹിക സാമ്പത്തികസാഹചര്യങ്ങൾ അടുത്തറിയുക | കുട നിർമ്മാണം. | ജൂലായ് | | |
| | സോപ്പ് നിർമ്മാണം. | ജൂലായ് ആഗസ്റ്റ് | | |
| ഗ്രേഡ് മെച്ചപ്പെടുത്തുക. കുട്ടികൾക്ക് ആത്മവിശ്വാസം പകരുക | പൗച്ച് നിർമ്മാണം | ഒക്ടോബർ- നവംബർ ഡിസംബർ | | |
| | സ്റ്റാർ നിർമ്മാണം | | | |
| കുടുംബപ്രാദേശിക അന്തരീക്ഷത്തിൽ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ലക്ഷ്യമിട്ട് തുണിസഞ്ചി നിർമ്മാണം | ജൂൺ- ഫെബ്രുവരി | | |







## ഗൈഡൻസ് & കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസലിംഗ് നൽകൽ ( ഉത്കണ്ഠ, മാനസിക സമ്മർദ്ദം, പെരുമാറ്റ വൈകല്യം, ആത്മഹത്യാപ്രവണത, ലഹരിഉപയോഗ പ്രവണത, പരീക്ഷാപേടി, മൊബൈൽ അഡിക്ഷൻ. | ആത്മവിശ്വാസം, ധൈര്യം ഇവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ<br><br>ഗൃഹസന്ദർശനം, അഭിമുഖം, പ്രശ്നപരിഹാരം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസലിംഗ് ഫലപ്രദമാക്കൽ.<br><br>വ്യക്തിഗത കൗൺസലിംഗ്, ഗ്രൂപ്പ് കൗൺസലിംഗ്, ബോധവൽക്കരണക്ലാസ് എന്നിവ നടത്തുന്നു. | ജൂൺ-മാർച്ച് | കൗൺസിലിംഗ് -ടീച്ചർ | |



## 1– ക്ലബ് രൂപീകരണം

# വിദ്യാരംഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യ ത്തോടും ഭാഷയോടും താല്പര്യമുണ്ടാ കുന്നതിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• യോഗം ചേരൽ<br>• ചുമതല പങ്കിടൽ | ജൂൺ- ജൂലായ് | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

## 2– കഥാശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിതക്ക് ഈണവും താളവും കണ്ടെത്തുന്ന തിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• കഥാകാരൻമാരുമാ യി അഭിമുഖം<br>• കഥാപതിപ്പ് തയ്യാറാക്കൽ | ആഗസ്ത് സെപ്തംബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

## 3– കാവ്യാലാപനം


| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവിതക്ക് ഈണവും താളവും കണ്ടെത്തുന്ന തിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• കവിത കണ്ടെത്തൽ<br>• കവികളുമായി അഭിമുഖം<br>• അവതരണം | സെപ്റ്റംബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

## 4– സിനിമാഗാന – നാടൻപാട്ട് ശില്പശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| താളബോധം നഷ്ടപ്പെടാതെ പാടുന്നതിന് വായ്ത്താരികൾ തിരിച്ചറി- യുന്നതിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• സിനിമാഗാനങ്ങളു ടെ കണ്ടെത്തൽ<br>• പരിശീലനം<br>• അവതരണം | ഒക്ടോബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |

## 5– ചിത്രരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| താളബോധം നഷ്ടപ്പെടാതെ പാടുന്നതിന് വായ്ത്താരികൾ തിരിച്ചറി- യുന്നതിന് | • തല്പരരായ കുട്ടികളെ കണ്ടെത്തൽ<br>• ചിത്രകാരൻമാരെ പരിചയപ്പെടൽ<br>• രചനാശില്പശാല<br>• പ്രദർശനം | ഒക്ടോബർ | അധ്യാപകർ വിദ്യാർത്ഥികൾ | പി ടി എ |




# ഐ.സി.ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ഐടി പഠനത്തിൽ അഭിരുചി ഉണ്ടാക്കൽ | ക്ലാസ് റൂമുകളിലെ ഐസിടി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പരിശീലിപ്പിക്കുകയും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളും പൊതുപരിപാടികളും ഡോക്യുമെന്റേഷൻ നടത്താൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു | വർഷം മുഴുവൻ | സബ്ജക്ട് കൗൺസിൽ | പി.ടി.എ |
| ഐസിടി ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കൽ | ഐടി ലാബിലെ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കൽ സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ എന്നിവ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ പരിശീലിപ്പിക്കുന്നു | ആവശ്യമായ സന്ദർഭങ്ങളിൽ | സബ്ജക്ട് കൗൺസിൽ | |
| സൈബർ ക്രൈമിനെതിരെ ബോധവൽക്കരണം നൽകൽ | സൈബർ ക്രൈമിനെ കുറിച്ച് ഒരു ബോധവൽക്കരണ ക്ലാസ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്നു | ആഗസ്ത് | സബ്ജക്ട് കൗൺസിൽ | |



## ശുചിത്വപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്കും വിദ്യാലയത്തിനും സമൂഹത്തിനും ഉപകാരപ്രദമായ പ്രവർത്തനം<br><br>വിദ്യാലയങ്ങൾ ഹരിതകാമ്പസ് ആക്കി മാറ്റുക | ക്ലാസും പരിസരവും വിദ്യാലയവും കാമ്പസും വൃത്തിയായ സൂക്ഷിക്കാനാവശ്യമായ കാര്യങ്ങൾ നടപ്പാക്കുക | ജൂൺ-മാർച്ച് | മുഴുവൻ അധ്യാപകരും വിദ്യാർത്ഥികളും | പിടിഎ |



## സ്പെഷ്യൽ കെയർ സെൻറർ പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ പഠനപ്രശ്നങ്ങൾ തിരിച്ചറിയുക | സ്ക്രീനിംഗ് നടത്തി ക്ലാസധ്യാപകർ തന്ന സസ്പെക്ടഡ് കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>പ്രശ്നം കണ്ടെത്തിയ കുട്ടികളുടെ കേസ് ഹിസ്റ്ററി തയ്യാറാക്കുന്നതിന്റെ ഭാഗമായി രക്ഷിതാക്കളെയും കുട്ടികളെയും വിളിക്കുന്നു.<br>ഐഇപി തയ്യാറാക്കുന്നു. | ജൂൺ-ആഗസ്റ്റ് | സെപ്തംബർ ഒക്ടോബർ | |
| ഭാഷാനൈപുണി വികസിപ്പിക്കൽ | സ്പെഷ്യൽ കെയർ സെൻറർ പ്രവർത്തനം | | | |
| ചങ്ങാതിക്കൂട്ടം | 9-ാം ക്ലാസിലെ കിടപ്പിലായ കുട്ടികളുടെ വീട്ടിൽ ക്ലാസിലെ കുട്ടികളും അധ്യാപകരുമായി ഗൃഹസന്ദർശനം. | സെപ്തംബർ ഒക്ടോബർ | | |
| പെർഫോമ തയ്യാറാക്കൽ | പത്താം ക്ലാസിലെ LD സസ്പെക്റ്റഡ് കുട്ടികളെ സ്ക്രീനിംഗ് ടൂൾ ഉപയോഗിച്ച് സ്ക്രൂട്ടനിംഗ് | | | |



## പരിസ്ഥിതി ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയത്തെ മാലിന്യമുക്തവും ഹരിതവിദ്യാലയവുമാക്കി മാറ്റുക.<br><br>പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക | പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക. മാലിന്യങ്ങൾ നിർമ്മാർജ്ജന യജ്ഞം<br><br>പ്രകൃതി സംരക്ഷണ ബോധവൽക്കരണ ക്ലാസ്<br><br>പരിസ്ഥിതി സംരക്ഷണ പ്രവർത്തകരുടെ അനുഭവം പങ്കിടാൻ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുക | ജൂൺ-മാർച്ച് | ക്ലബ് കൺവീനർമാർ, അധ്യാപകർ | |



# ലൈബ്രറി



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കൽ | വായനാസമിതി രൂപീകരണം. | | മലയാളഅധ്യാപരി വായനാസമിതി | |
| പുതുവായന പോഷിപ്പിക്കൽ | പത്രവാർത്ത (എല്ലാദിവസവും ക്ലാസടിസ്ഥാനത്തിൽ) | | | |
| ഭാഷയും സംസ്കാരവും ജ്ഞാനവും കാഴ്ചപ്പാടുകളും തിരിച്ചറിവുകളും നേടാൻ പ്രാപ്തരാക്കൽ | ക്ലാസ് ലൈബ്രറിക്ക് പുസ്തകം ലഭ്യമാക്കൽ (സ്കൂൾ ലൈബ്രറിയിൽ നിന്ന് ഓരോ ക്ലാസിനും 25 പുസ്തകങ്ങൾ വിതരണം ക്ലാസ് ലൈബ്രേറിയൻമാരുടെ നേതൃത്വത്തിൽ) | ഒരു കുട്ടിക്ക് ഒരു പുസ്തകം [illegible] | സ്കൂൾ എസ് ആർ ജി | പിടിഎ |
| | പിറന്നാൾ ദിവസം ക്ലാസ് ലൈബ്രറിക്കൊരു പുസ്തകം സമ്മാനം. | | സ്കൂൾ എസ് ആർ ജി | |
|  | നല്ലവായനക്കാരെ കണ്ടെത്തൽ. സമ്മാനം നൽകൽ. പത്രക്വിസ്- (മാസാവസാനം) | ജൂൺ-ജനുവരി | | |
| ഭാഷയും സംസ്കാരവും ജ്ഞാനവും കാഴ്ചപ്പാടുകളും തിരിച്ചറിവുകളും നേടാൻ പ്രാപ്തരാക്കൽ | ശില്പശാലകൾ -കഥാശില്പശാല -സ്കൂൾ റേഡിയോ ഉദ്ഘാടനം | ജൂൺമാസം | സ്കൂൾ എസ് ആർ ജി | പിടിഎ |
| | കവിതയരങ്ങ് | ജൂലായ് | | |
| | നാടകക്കളരി | ആഗസ്റ്റ് | | |
| | ചിത്രക്കൂട്ടായ്മ | സെപ്തംബർ | | |
| | സെമിനാർ | ഒക്ടോബർ | | |
| | പ്രകൃതിപാഠം | നവംബർ | | |
| | ഫിലിം ഷോ | ഡിസംബർ | | |

## CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവുകൾ പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടുഎത്തിക്കുന്നതിൽ സഹകരണം തിരിച്ചറിയാനും | CPTA യോഗം കാര്യക്ഷമമായി നടത്തുക.<br><br>പഠനനേട്ടങ്ങൾ പഠനത്തെളിവുകൾ, അക്കാദമിക കാര്യങ്ങൾ പങ്കുവെക്കൽ,<br><br>സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തൽ<br><br>വിവിധ മത്സരപരീക്ഷകളിൽ വിജയം നേടിയ കുട്ടികൾക്കും പത്താംതരം മികച്ച വിജയം നേടിയവർക്കും അനുമോദനം ഏർപ്പെടുത്തൽ | മൂന്ന് മാസത്തിൽ ഒരിക്കൽ | ഹെഡ്മാസ്റ്റ്രസ് | എസ് ആർജി, ക്ലാസ് അധ്യാപകൻ, വിജയോത്സവം കൺവീനർ, പിടിഎ |

## സ്കോളർഷിപ്പ് പരീക്ഷാപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികളെ സജ്ജരാക്കൽ | USS,LSS സ്ക്രീനിംഗ് ടെസ്റ്റ് . മോണിംഗ് ക്ലാസ്. അവധിദിന ക്ലാസുകൾ. അതിഥി അധ്യാപക ക്ലാസുകൾ. മാതൃകാപരീക്ഷകൾ എന്നിവ | ജൂൺമുതൽ പരീക്ഷ തീയതി വരെ | കൺവീനർമാർ, അധ്യാപകർ | രക്ഷിതാക്കൾ |




# സന്നദ്ധസംഘടനകൾ

സന്നദ്ധ സംഘടന രംഗത്ത് മികവുറ്റ പ്രവർത്തനമാണ് വിദ്യാലയത്തിൽ SCOUTS & GUIDES വിഭാഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങൾക്കുള്ള പിന്തുണക്ക് പുറമെ വിദ്യാലയത്തിന്റെ അച്ചടക്ക കാര്യങ്ങളിൽ ഓരോ ദിവസവും ഓരോ യൂണിറ്റുകൾ ചാർജ്ജ് നൽകിക്കൊണ്ട് പ്രവർത്തിച്ചുവരുന്നു.

കലാകായിക, ശാസ്ത്രമേളകളിൽ അധ്യാപകരോടൊപ്പം തോളോട് ചേർന്ന് സ്തുത്യർഹമായ സേവനമാണ് ഈ വിഭാഗങ്ങൾ നൽകിക്കൊണ്ടിരിക്കുന്നത്. വിദ്യാലയത്തിനകത്തും പുറത്തും ജീവകാരുണ്യപ്രവർത്തനങ്ങളിൽ മാതൃകാപരമായ സേവനം നടത്താനും ഇവർക്കാവുന്നുണ്ട്. ഓരോ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിവിധ ക്യാമ്പുകളിൽ നിന്ന് അറിവുകളും അനുഭവങ്ങളും വിദ്യാലയത്തിലെ മറ്റ് കുട്ടികളിലേക്ക് പകർന്നു നൽകാൻ ഇവർക്ക് കഴിയുന്നുണ്ട്. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം ഉറപ്പാക്കാൻ ഓരോ യൂണിറ്റിനുമാകുന്നുണ്ട്. ബോധവൽക്കരണം, ലഹരി വിരുദ്ധ റാലി, വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും ലഹരിക്കെതിരെയുള്ള ഒപ്പുശേഖരണം തുടങ്ങിയവയും ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്. സഹജീവികളെയും സ്നേഹിക്കേണ്ടത് തങ്ങളുടെ കടമയാണെന്ന് ബോധത്തോടെ സംഘടിപ്പിച്ച 'പറവകൾക്കൊരു കുടിനീർ'പരിപാടിയിൽ മുഴുവൻ യൂണിറ്റംഗങ്ങളും ഭാഗമായിട്ടുണ്ട്. കൂടാതെ സ്കൂൾ സൗന്ദര്യവൽക്കരണം, പച്ചക്കറിത്തോട്ട നിർമ്മാണം, സ്കൂൾ ശുചിത്വം , ദിനാചരണങ്ങൾ എന്നിവയിൽ ഉത്തരവാദിത്തമാർന്ന പ്രവർത്തനങ്ങളാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ഇത്തരം വിഭാഗങ്ങൾ വിദ്യാലയത്തിന് മുതൽക്കൂട്ടാണ്. സ്കൂൾ പ്രവേശനസമയത്ത് തന്നെ കുട്ടികൾ ഇത്തരം സേവനസന്നദ്ധ വിഭാഗങ്ങളിൽ താല്പര്യം അറിയിക്കാറുണ്ട്.

# സമഗ്ര പഠനപിന്തുണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഓരോ വിഷയങ്ങൾക്കും സബ്ജക്ട് മിനിമം നേടാൻ സാധിക്കുക. അതാത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ ഓരോ കുട്ടിയും നേടിയെന്ന് ഉറപ്പുവരുത്തുക | കഴിഞ്ഞവർഷം വാർഷിക പരീക്ഷക്ക് 30 % നേടാത്തകുട്ടികൾക്ക് ബ്രിഡ്ജ് കോഴ്സ്.<br><br>പ്രീടെസ്റ്റ് നടത്തി പഠനപിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ പിന്തുണ ക്ലാസ്.<br><br>പഠനമികവ് കാണിക്കുന്ന കുട്ടികളുടെ സഹായത്താൽ പിയർ ഗ്രൂപ്പ് ടീച്ചിംഗ്<br><br>പിടിഎ, പൂർവാധ്യാപകർ ഇവരുടെ സഹായത്തോടെ പ്രത്യേക ക്ലാസുകൾ. | വർഷം മുഴുവൻ | അധ്യാപകർ, വിദ്യാർത്ഥികൾ, പിടിഎ, പൂർവാധ്യാപകർ | പി . ടി .എ |



# ഉപസംഹാരം

ഇലാഹിയ എച്ച്. എസ്. എസ്. കാപ്പാട് ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനുകളിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്.